# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4395** — **17/05/2017-ൽ മറുപടിക്ക്**

### പകർച്ചപ്പനിയുടെ ദുരിതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | വർദ്ധിച്ചുവരുന്ന പകർച്ചപ്പനിയുടെ ദുരിതം അനുഭവിക്കുന്ന രോഗികളെ പരിചരിക്കുന്നതിനും അവർക്ക് വേണ്ട ചികിത്സാ സൌകര്യം ഒരുക്കുന്നതിനും വിവിധ സർക്കാർ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും ഒരുക്കിയിരിക്കുന്ന ക്രമീകരണം അറിയിക്കാമോ; | എ) | പകർച്ചപ്പനി രോഗികളെ പരിചരിയ്ക്കുവാനായി സാമൂഹികാരോഗ്യതലത്തിൽ പനിക്ലിനിക്കുകൾ എല്ലാ വർഷവും നടത്തിവരുന്നത് ഈ വർഷവും നടത്തിവരുന്നു. ഇതിനായി ഒരു ഡോക്ടർ പനിയുള്ള രോഗികളെ നോക്കാനായി മാത്രം ഒ.പി. വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്നു. കൂടാതെ പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പാരസെറ്റമോൾ ഗുളികകൾ, വിവിധ ആന്റിബയോട്ടിക് മരുന്നുകൾ, ഒസൈൽട്ടാമിവിർ ഗുളികകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. |
| ബി) | പകർച്ചപ്പനി നേരിടുന്നതിനായി ആശുപത്രികളിൽ മരുന്നിന്റെ അപര്യാപ്തത പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ? | ബി) | സ്വീകരിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ - ലെ ഡി.ഡി.എം.എസ് സംവിധാനം വഴി കേരളത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പകർച്ചപ്പനിയ്ക്ക് ആവശ്യമായ മരുന്നുകളായ വിവിധ തരത്തിലുള്ള ആന്റിബയോട്ടിക്കുകൾ, പാരസെറ്റമോൾ, ഒസൈൽട്ടാമിവിർ, ഡോക്സിസൈക്ലിൻ എന്നിവയുടെ കൃത്യമായ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**